## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3390** **19.06.2019 ൽ മറുപടിയ്ക്ക്**

### മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ്

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം കൊണ്ടുവന്നിട്ടുണ്ടോ; | (എ) | ഇന്ത്യയൊട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകുവാനായി കേന്ദ്രസർക്കാർ തുടക്കമിട്ട സാരഥി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച കഴിഞ്ഞു. തിരുവനന്തപുരം, ആലപ്പുഴ, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ആരംഭിച്ച സാരഥി 4 എന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും താമസംവിനാ ഏർപ്പെടുത്താനാണ് വകുപ്പ് ഉദ്ദേശിക്കുന്നത് പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി അപേക്ഷ സമർപ്പണരീതി മുതൽ മാറ്റം വരുത്തിയാണ് സാരഥി 4 നടപ്പിലാക്കിയിരിക്കുന്നത്. |
| (ബി) | വാഹനത്തെക്കുറിച്ചുള്ള ധാരണയും നിരീക്ഷണ പാടവവും ഉൾപ്പെടെ വിലയിരുത്തി ലൈസൻസ് നൽകുന്ന രീതിയിലേക്ക് മാറുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വാഹനത്തെക്കുറിച്ചുള്ള ധാരണയും നിരീക്ഷണ പാടവവും ഉൾപ്പെടെ വിലയിരുത്തി ലൈസൻസ് നൽകുന്നതിനായി ഡ്രൈവിംഗ് ടെസ്റ്റ് നടപടി ക്രമം പരിഷ്കരിച്ച് കൊണ്ട് സർക്കുലർ മോട്ടോർ വാഹന വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് നിലവിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത്. |
| (സി) | വാഹനം ഓടിക്കുന്നതിന് പരിശീലനം നൽകുന്നവർക്കും പരീക്ഷ നടത്തുന്ന മോട്ടോർ വാഹന ഇൻസ്പെക്ടർമാർക്കും ശാസ്ത്രീയ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | മലപ്പുറം ജില്ലയിലെ എടപ്പാളിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രേയിനിംഗ് റിസർച്ച് എന്ന സ്ഥാപനത്തിൽ വാഹനം ഓടിക്കുന്ന പരിശീലകർക്കും അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാർക്കും പ്രത്യേക പരിശീലനം നൽകിവരുന്നു. |
| (ഡി) | ഇത്തരം പരിശീലനത്തിന് ഫീസ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന മുഴുദിവസ പരിശീലനത്തിനും താമസത്തിനും ഭക്ഷണത്തിനും ഉൾപ്പെടെ ആറായിരം രൂപാ ഒരു വ്യക്തിയ്ക്ക് ചിലവാകും. ഇതിൽ പകുതി തുക കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയും ബാക്കി പകുതി തുക ഡ്രൈവിംഗ് സ്കൂൾ ഉടമകളുമാണ് വഹിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**